<u>പതിമൂന്നാം കേരള നിയമസഭ</u>

<u>പതിനൊന്നാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നമിടാത്ത</u> | <u>20-06-2014 ൽ</u>

<u>നിയമസഭ ചോദ്യം നമ്പർ ; **3055**</u> | <u>മറുപടിയ്ക്ക്</u>

<u>സി-ഡിറ്റിൽ താല്ക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തിയതിലെ അപാകത പരിഹരിക്കുവാൻ നടപടി</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ. വി. ശിവൻകുട്ടി | ശ്രീ. കെ.സി. ജോസഫ്<br>( ഗ്രാമവികസനവും ആസൂത്രണവും നോർക്കയും സാംസ്കാരികവും വകുപ്പുമന്ത്രി) |
| എ) സി-ഡിറ്റിൽ താൽക്കാലിക ജീവനക്കാരെസ്ഥിരപ്പെടുത്തിക്കൊണ്ട് പുറപ്പെടുവിച്ച ഉത്തരവിൽ, സയന്റിസ്റ്റ് കാറ്റഗറിയിൽ ജോലി ചെയ്യുന്ന സയന്റിസ്റ്റിനെ അഡ്മിനിസ്ട്രേറ്റീവ് ടെക്നിക്കൽ വിഭാഗത്തിലേയ്ക്ക് സ്ഥിര നിയമനം നൽകി നിയമിച്ച അപാകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) സി-ഡിറ്റിൽ സി.എസ്.ഐ.ആർ. പാറ്റേണിൽ സ്ഥിരം തസ്തികയിൽ മാത്രമാണ് സയന്റിസ്റ്റ് കാറ്റഗറി ഉളളത്. നിലവിൽ കൺസോളിഡേറ്റഡ് വേതനത്തിൽ നിയമിക്കപ്പെട്ട താത്ക്കാലിക ജീവനക്കാർക്ക് സി.എസ്.ഐ.ആർ.പാറ്റേൺ ബാധകമല്ലാത്തതിനാൽ ടി ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിനുളള ശുപാർശയിൽ മാത്രമാണ് കാറ്റഗറി തീരുമാനിക്കപ്പെടുന്നത്. പ്രസ്തുത ഉത്തരവ് പ്രകാരം സ്ഥിരപ്പെടുത്തിയ മുഴുവൻ താല്ക്കാലിക ജീവനക്കാർക്കും സംസ്ഥാന സർക്കാർ സ്കെയിലിന് സമാനമായ തസ്തികയാണ് സ്ഥിരനിമനത്തിന് ശുപാർശ ചെയ്തിട്ടുളളത്. ആയതിനാൽ പ്രസ്തുത ഉത്തരവിൽ അത്തരത്തിലുളള അപാകത ഉണ്ടായിട്ടില്ല. |
| ബി) ഉണ്ടെങ്കിൽ ആയത് എത്രയും വേഗം തിരുത്താൻ നടപടി സ്വീകരിക്കുമോ ? | ബി) ബാധകമല്ല |

സെക്ഷൻ ഓഫീസർ